| 18-04-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - നിശ്ചയം ചെയ്യൂ, നമ്മുടെതായി എന്തെല്ലാമുണ്ടോ അത് ബാബയുടെതാണ്, പിന്നീട് ട്രസ്റ്റിയായി സംരക്ഷിക്കൂ എങ്കിൽ എല്ലാം പവിത്രമാകും, നിങ്ങളുടെ പാലന ശിവബാബയുടെ ഭണ്ഡാരയിൽ നിന്നുമുണ്ടാവും.**

**ചോദ്യം -** ശിവബാബയിൽ പൂർണ്ണമായി ബലിയർപ്പിച്ചതിന് ശേഷം ഏതൊരു ശ്രദ്ധയാണ് അത്യാവശ്യമായി വെക്കേണ്ടത്?

**ഉത്തരം -** എപ്പോൾ നിങ്ങൾ ബലിയർപ്പിച്ചോ അപ്പോൾ എല്ലാം ശിവബാബയുടെതായിക്കഴിഞ്ഞു പിന്നീട് ഓരോ ചുവടിലും അഭിപ്രായം തേടേണ്ടതുണ്ട്. അഥവാ എന്തെങ്കിലും മോശമായ കർമ്മം ചെയ്തുവെങ്കിൽ പാപം വളരെയധികം വർദ്ധിക്കും. ശിവബാബയ്ക്കു സമർപ്പിച്ച ധനം കൊണ്ട് ഏതൊരു പാപകർമ്മവും ചെയ്യാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ ഓരോ ഓരോ പൈസയും വജ്ര സമാനമാണ്, ഇതിനെ വളരെയധികം സംരക്ഷിക്കണം. ഒന്നും വ്യർത്ഥമാകരുത്. ബാബ നിങ്ങളുടെ ഒന്നും എടുക്കുന്നില്ല നിങ്ങളുടെ പക്കലുള്ള പൈസ മനുഷ്യനെ കക്കയിൽ നിന്ന് വജ്ര സമാനമാക്കി മാറ്റുന്നതിന്റെ സേവനത്തിൽ ഉപയോഗിക്കണം.

**ഗീതം -** ഇന്ന് മനുഷ്യൻ അന്ധകാരത്തിലാണ്......

**ഓം ശാന്തി.** ഇത് ഭക്തിയിലുള്ളവർക്ക് വേണ്ടിയുള്ള ഗീതമാണ്. നിങ്ങൾക്കാണങ്കിൽ ഈ ഗീതം പാടാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ എല്ലാവരും പറയുന്നുമുണ്ട് ഭഗവാനേ വന്ന് തിരിച്ചറിവ് നൽകൂ. പ്രഭു തന്നെയാണ് വന്ന് തന്റെ തിരിച്ചറിവ് നൽകുന്നത്. പ്രഭു, ഭഗവാൻ, ഈശ്വരൻ എല്ലാം ഒന്ന് തന്നെയാണ്. പ്രഭുവിന് പകരം നിങ്ങൾ പറയും ബാബ, അപ്പോൾ തികച്ചും സഹജമായി മാറുന്നു. ബാബാ എന്ന ശബ്ദം കുടുംബത്തിന്റെയാണ്. മുഴുവൻ രചനയും അച്ഛന്റെത് തന്നെയാണ്, അപ്പോൾ എല്ലാവരും കുട്ടികളായി. ബാബ എന്ന് പറയുക വളരെ സഹജമാണ്. കേവലം പ്രഭു അഥവാ ഗോഡ് എന്ന് പറയുന്നതിലൂടെ അച്ഛനെന്ന് മനസ്സിലാകില്ല, ബാബയുടെ സ്നേഹത്തിന്റെയോ അഥവാ സ്വത്തിന്റെയോ അറിവുണ്ടാവുകയില്ല. ബാബയാണെങ്കിൽ സ്വർഗ്ഗം രചിക്കുകയാണ്. ഇത്രയും ചെറിയ കാര്യം പോലും ആരും മനസ്സിലാക്കുന്നില്ല. അരകല്പം കഷ്ടപ്പാട് അനുഭവിച്ചു കഴിഞ്ഞു പോയി. ബാബ വന്ന് സെക്കന്റിൽ തിരിച്ചറിവ് നൽകുന്നു. ബാബയുടെ മുന്നിൽ കുട്ടികൾ ഇരിക്കുന്നുണ്ടെങ്കിലും പോകെ പോകെ നിശ്ചയം മുറിഞ്ഞു പോകുന്നു. അഥവാ ഉറച്ച നിശ്ചയമുണ്ട് എങ്കിൽ സത്യം സത്യമായ ബ്രാഹ്മണനായി മാറും. നമ്മൾ തന്നെയാണ് ശിവബാബയുടെ പേരകുട്ടികൾ, ബാബയുടെ വീട്ടിലേതായി. മനസ്സിലാക്കുന്നു - നമ്മൾ ബ്രാഹ്മണർ ശിവബാബയുടെ ഭണ്ഡാരയിൽ നിന്നാണ് കഴിക്കുന്നത്. ബ്രാഹ്മണരായി എങ്കിൽ ബ്രാഹ്മണരുടെത് തന്നെയാണ് ബ്രഹ്മാഭോജനം. ശിവബാബയുടെ ഭണ്ഡാരയിലെ ഭോജനമായി, ഈ നിശ്ചയമുണ്ടാകണം. നമ്മൾ ശിവബാബയുടെത് മാത്രമാണ്. ബാബയെ വിട്ടു പോകേണ്ട കാര്യമില്ല. നമ്മൾ ബ്രാഹ്മണർ ശിവബാബയുടെ കുട്ടികളാണ്. നമ്മുടെതെല്ലാം ബാബയുടെതാണ് അതുപോലെ ബാബയുടേതെല്ലാം നമ്മുടെതുമാണ്. വ്യാപാരികൾക്ക് കണക്കെടുക്കേണ്ടതുണ്ട്. നമ്മുടെതെല്ലാം ബാബയുടെതും അതുപോലെ ബാബയുടെതെല്ലാം നമ്മുടെതുമാണണെങ്കിൽ ത്രാസ്സിൽ ആരുടെ ഭാഗമാണ് ഭാരിച്ചത്? നമ്മുടെ പക്കലാണെങ്കിൽ കക്കകളാണ് നമ്മൾ പറയുന്നു ബാബയുടെ രാജ്യം നമ്മുടെയാണ്. അപ്പോൾ വ്യത്യാസമുണ്ടല്ലോ. നിങ്ങൾക്കറിയാം നമ്മൾ ഈശ്വരനിലൂടെ വിശ്വത്തിന്റെ അധികാരിയായി മാറുന്നുവെന്ന്. നമ്മുടെയടുത്ത് എന്തെല്ലാമുണ്ടോ അത് ബാബക്ക് നൽകുന്നു. പിന്നെ ബാബ പറയുന്നു കുട്ടികളേ നിങ്ങൾ തന്നെ ട്രസ്റ്റിയായി സംരക്ഷിക്കൂ. മനസ്സിലാക്കൂ ഇത് ശിവബാബയുടെതാണ്. സ്വയം ശിവബാബയുടെ കുട്ടികളാണെന്ന് മനസ്സിലാക്കി നടക്കൂ, അപ്പോൾ എല്ലാം പവിത്രമായി മാറും. അങ്ങനെയെങ്കിൽ ഗൃഹസ്ഥത്തിലും ബ്രഹ്മാഭോജനം ഉണ്ടാക്കുന്നതുപോലെത്തന്നെയാണ്. ശിവബാബയുടെ ഭണ്ഡാരയായി മാറി എന്തുകൊണ്ടെന്നാൽ ബ്രാഹ്മണർ തന്നെയാണ് ഉണ്ടാക്കുന്നത്. അല്ലെങ്കിലും എല്ലാവരും പറയുന്നത് ഈശ്വരൻ നൽകിയതാണെന്നാണ്, പക്ഷെ ഇവിടെയാണെങ്കിൽ ബാബ സന്മുഖത്ത് വരുകയാണ്. അപ്പോൾ നമ്മൾ ബാബയുടെ മേൽ ബലിയർപ്പണമാകുന്നു. നമ്മൾ ഒരു തവണ ബലിയർപ്പണമായി എങ്കിൽ അത് ശിവബാബയുടെ ഭണ്ഡാരയായി. അതിനെ തന്നെയാണ് ബ്രഹ്മാഭോജനം എന്ന് പറയുന്നത്. നമ്മൾ എന്താണോ കഴിക്കുന്നത് അത് ശിവബാബയുടെ ഭണ്ഡാരയിലെതാണെന്ന് മനസ്സിലാക്കുന്നു. തീർച്ചയായും പവിത്രമായിരിക്കുക തന്നെ വേണം. ഭോജനവും പവിത്രമാകുന്നു പക്ഷെ ബലിയർപ്പണമാകുമ്പോൾ മാത്രം. ബാബയ്ക്ക് ഒന്നും തന്നെ നൽകേണ്ടതില്ല, കേവലം ബലിയർപ്പണമാകണം. ബാബാ ഇതെല്ലാം അങ്ങയുടെതാണ്. ശരി കുട്ടികളെ ട്രസ്റ്റിയായി സംരക്ഷിക്കൂ. ശിവബാബയുടെതാണെന്ന് മനസ്സിലാക്കി

കഴിക്കുകയാണെങ്കിൽ ശിവബാബയുടെ ഭണ്ഡാരയിൽ നിന്ന് കഴിക്കുന്നതു പോലെയായി. അഥവാ ശിവബാബയെ മറന്നു പോവുകയാണെങ്കിൽ പിന്നെ അത് പവിത്രമാകില്ല. നിങ്ങൾ കുട്ടികൾക്ക് തന്റെ വീടിനേയും സംരക്ഷിക്കണം. പക്ഷെ സ്വയം ട്രസ്റ്റിയാണെന്ന് മനസ്സിലാക്കി വീട്ടിലിരുന്നു കൊണ്ടും ശിവബാബയുടെ ഭണ്ഡാരയിൽ നിന്ന് തന്നെയാണ് കഴിക്കുന്നത്. എന്തെല്ലാം ബലിയർപ്പണമാക്കുന്നുവോ അത് ശിവബാബയുടെതാകും. ഒന്നും മനസ്സിലാകുന്നില്ലെങ്കിൽ ചോദിക്കൂ. ശിവബാബയുടെ ഖജനാവിൽ നിന്ന് ചിലവ് ചെയ്ത് എന്തെങ്കിലും പാപം ചെയ്യരുത്. ശിവബാബയുടെ പൈസ കൊണ്ട് പുണ്യം ചെയ്യണം. ഓരോ ഓരോ പൈസയും വജ്ര സമാനമാണ്. അതിലൂടെ അനേകരുടെ മംഗളമുണ്ടാകണം, അതിനാൽ വളരെയധികം സംരക്ഷിക്കണം. ഒന്നും വെറുതെയാവരുത് എന്തുകൊണ്ടെന്നാൽ ഈ പൈസയിലൂടെ മനുഷ്യരെ കക്കയിൽ നിന്ന് വജ്ര സമാനമാക്കി മാറ്റണം. ബാബ പറയുന്നു എന്റേതെല്ലാം നിങ്ങളുടെതാണ്. ഒരേയൊരു ബാബ മാത്രമാണ് നിഷ്കാമി. എല്ലാ കുട്ടികളുടെയും സേവനം ചെയ്യുന്നു. ബാബ പറയുന്നു എനിക്ക് ഈ പൈസകൊണ്ട് എന്ത് ചെയ്യാനാണ്, എല്ലാം നിങ്ങളുടെത് തന്നെയല്ലേ. നിങ്ങൾ തന്നെ രാജ്യം ഭരിക്കും. നമ്മുടെ പാർട്ട് തന്നെ നിങ്ങൾ കുട്ടികളെ സുഖികളാക്കുക എന്നതാണ്. ശ്രീമതവും ലഭിച്ചു കൊണ്ടിരിക്കുന്നു. ഏതെങ്കിലും കന്യക വിവാഹം കഴിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ, ജ്ഞാനത്തിൽ വരുന്നില്ലെങ്കിൽ വിട്ടുകളയൂ. അഥവാ കുട്ടി ആജ്ഞാകാരിയല്ലെങ്കിൽ സമ്പത്തിന് അധികാരിയുമല്ല. ശ്രീമതത്തിലൂടെ നടക്കുന്നില്ലെങ്കിൽ ശ്രേഷ്ഠരല്ല, അധികാരിയുമല്ല. പിന്നെ ശിക്ഷയും അനുഭവിക്കേണ്ടി വരും. ബാബയുടെ ആജ്ഞയാണ് അന്ധന്മാരുടെ ഊന്ന് വടിയാകൂ. മനുഷ്യരാണെങ്കിൽ ഒന്നും മനസ്സിലാക്കുന്നില്ല.

നിങ്ങൾക്കറിയാം നമ്മളും ആദ്യം കുരങ്ങനെ പോലെ തികച്ചും പതിതമായിരുന്നു. ബാബയിപ്പോൾ നമ്മുടെ സേന എടുത്തിരിക്കുകയാണ്. നമുക്ക് ശിക്ഷണം നൽകി ക്ഷേത്രത്തിലിരിക്കാൻ യോഗ്യരാക്കി മാറ്റികൊണ്ടിരിക്കുകയാണ്, വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ബാക്കി എല്ലാവർക്കും ശിക്ഷ നൽകി മുക്തിധാമത്തിലേക്ക് അയക്കുന്നു. പരിധിയില്ലാത്ത ബാബയുടെ എല്ലാ കാര്യവും പരിധിയില്ലാത്തതാണ്. ഒരു രാമന്റെയും സീതയുടെയും കാര്യമല്ല. ബാബയിരുന്ന് എല്ലാ ശാസ്ത്രങ്ങളുടെയും സാരം മനസ്സിലാക്കി തരുകയാണ്. മനുഷ്യർ ഒരുപാട് പഠിക്കുന്നുണ്ട് പക്ഷെ ഒന്നും മനസ്സിലാക്കുന്നില്ല. അതിനാൽ അവർ പഠിച്ചാലും പഠിക്കാത്തവരെ പോലെയാണ്. പഠിച്ച്-പഠിച്ച് ഒന്ന് കൂടി കലകൾ കുറഞ്ഞ് പതിത ഭ്രഷ്ടാചാരിയായി മാറുന്നു. പറയുന്നു പതിത പാവനാ വരൂ. പിന്നീട് ഗംഗാതീരത്തു നിന്ന് കൊണ്ട് പറയുന്നു ദാനം ചെയ്യൂ. നമുക്ക് പാവനമാകണം, ഇതിൽ ദാനത്തിന്റെ കാര്യമെന്താണ്. ഗംഗാജലത്തിൽ നിന്നുകൊണ്ട് ദാനം ചെയ്യുന്നു. വലിയ വലിയ രാജാക്കന്മാർ ഗംഗയിലേക്ക് സ്വർണ്ണ നാണയങ്ങൾ വലിച്ചെറിയുന്നു, പിന്നെ പൂജാരിമാർ ഉപജീവനമാർഗ്ഗത്തിനായി എന്തെങ്കിലും ശ്ലോകങ്ങൾ കേൾപ്പിക്കുന്നു. നിങ്ങൾക്കാണെങ്കിലോ 21 ജന്മത്തേക്കുള്ള ഉപജീവനമാർഗ്ഗം ബാബ ഉണ്ടാക്കിത്തരുന്നു. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തന്ന് പാവനമാക്കി മാറ്റുന്നത്. ഭാരതം തന്നെയായിരുന്നു പാവനം, ഇപ്പോൾ പതിതമായിരിക്കുകയാണ്. ബാബ കുട്ടികൾക്ക് പരിചയം നൽകുകയാണ് നിങ്ങൾ സമർപ്പണരായ ബ്രാഹ്മണരെല്ലാം ശിവബാബയുടെ ഭണ്ഡാരയിൽ നിന്നാണ് കഴിക്കുന്നത്. സമർപ്പണമല്ലായെങ്കിൽ ആസുരീയ ഭണ്ഡാരയിൽ നിന്നാണ് കഴിക്കുന്നത്. തന്റെ ഉത്തരവാദിത്വം മുതലായവയെല്ലാം ഇവിടെക്ക് കൊണ്ട് വരൂ എന്ന് ബാബ പറയുന്നില്ല, പക്ഷെ ട്രസ്റ്റിയായി നിങ്ങൾ സംരക്ഷിക്കൂ. നിശ്ചയ ബുദ്ധിയാണെങ്കിൽ നിങ്ങളെ പോലെ തന്നെ അവരും ശിവബാബയുടെ ഭണ്ഡാരയിൽ നിന്ന് തന്നെയാണ് കഴിക്കുന്നത്. നിങ്ങളുടെ ഹൃദയം ശുദ്ധമാകും. പാടുന്നുമുണ്ട് ബ്രാഹ്മണ ദേവീ-ദേവതായേ നമ:, ബ്രഹ്മാവിനു തന്നെയാണ് ഈ മഹിമയ്ക്കുള്ള യോഗ്യത. നിങ്ങൾക്കറിയാം ബ്രഹ്മാവിലൂടെ ബാബ നമ്മേ ശൂദ്രനിൽ നിന്ന് ബ്രാഹ്മണനാക്കി മാറ്റുന്നു. കല്പ-കല്പം ബാബ വന്ന് നമ്മേ രാവണ രാജ്യത്തിൽ നിന്ന് മോചിപ്പിച്ച് സുഖിയാക്കുന്നു. അവിടെ ദു:ഖത്തിന്റെ പേരു പോലുമുണ്ടാവില്ല. ഭാരതത്തിൽ എത്രയധികം ഗുരുക്കന്മാരും വിദ്വാന്മാരും പണ്ഡിതന്മാരുമാണ്. ഓരോ സ്ത്രീയുടെയും പതി ഗുരുവാണെന്നു പറയുന്നു അപ്പോൾ എത്രയധികം ഗുരുക്കന്മാരായി. എത്ര വിപരീതമായ വ്യവസ്ഥകളാണ് നടന്ന് വരുന്നത്. പതി തന്നെയാണ് നിന്റെ സർവ്വതുമെന്ന് ഉടമ്പടി ചെയ്യിക്കുന്നു. ഇവരുടെ മാത്രം ആജ്ഞയിൽ ജീവിക്കണം. ഈ ആദ്യത്തെ ആജ്ഞയിലൂടെത്തന്നെ പൂജ്യരായിരുന്ന കുമാരി പെട്ടെന്ന് പൂജാരിയായി മാറുന്നു. എല്ലാവരുടെ മുന്നിലും തല കുനിക്കേണ്ടി വരുന്നു. പിന്നീട് രണ്ടാമത്തെ ആജ്ഞയാണ് കാമവികാരത്തിലേക്കു പോകൂ. അപ്പോൾ എത്ര വ്യത്യാസമാണ്. ഇവിടെയാണെങ്കിലോ ബാബ പറയുന്നു എനിക്ക് സഹായികളായ കുട്ടികളാണ് വേണ്ടത്. കുട്ടികൾ എന്തിന് അച്ഛന്റെ കാലുകളിൽ വീഴണം. കുട്ടികൾ അവകാശികളാണ്. നമ്രത കാണിക്കുന്നതിന് വേണ്ടി കാലിൽ വീഴേണ്ട ഒരു ആവശ്യവുമില്ല. നമസ്തേ എന്ന് പറയുന്നു. നിങ്ങൾ പറയുകയാണ് നമ്മൾ ബാബയിൽ നിന്ന് സമ്പത്തെടുക്കാൻ വന്നിരിക്കുകയാണ് പിന്നെ മായ പെട്ടെന്ന് മറപ്പിക്കുന്നു. ബാബയെ വിട്ട് പോകുന്നു. ബുദ്ധിയെ മായ നശിപ്പിക്കുന്നു. ഇന്ന് ബാബ മനസ്സിലാക്കി തന്നു

ആരാണോ ശിവന്റെ ഭണ്ഡാരയിൽ നിന്ന് കഴിച്ചത്, കുടിച്ചത്, ആ ഭണ്ഡാരം നിറയുന്നുവെങ്കിൽ എല്ലാ കലഹക്ലേശവും ദൂരെയാകുന്നു. അമരന്മാരാകുന്നു. നിങ്ങൾ ബലിയർപ്പിച്ചുവെങ്കിൽ എല്ലാം ശിവബാബയുടെതായി മാറി, ഉറച്ച നിശ്ചയം വേണം. എന്തെങ്കിലും മോശകർമ്മം ചെയ്തുവെങ്കിൽ പാപം വർദ്ധിക്കും. ഓരോ ചുവടിലും അഭിപ്രായമെടുക്കണം, നീണ്ട കയറ്റമാണ്. എത്ര പേർ വീണു പോകുന്നു. ബാബാ–ബാബാ എന്ന് പറഞ്ഞ് 8–10 വർഷമിരുന്നിട്ടും മായ പ്രഹരമേൽപ്പിക്കുന്നു. ബാബ പറയുന്നു ഓരോ ചുവടിലും എവിടെയങ്കിലും സംശയമുണ്ടെങ്കിൽ അഭിപ്രായം ചോദിക്കൂ. പല കുട്ടികളും ചോദിക്കാറുണ്ട് ഞങ്ങൾ ആർമിയിൽ സേവനം ചെയ്യുകയാണ്. അവിടുത്തെ ഭോജനം കഴിക്കേണ്ടി വരുന്നു. ബാബ പറയുന്നു എന്താണ് ചെയ്യാൻ സാധിക്കുക, ബാബയിൽ നിന്ന് നിർദ്ദേശമെടുത്തുവെങ്കിൽ ഉത്തരവാദിത്വം ബാബയുടെതാണ്. അനേകർ ചോദിക്കുന്നുണ്ട് ബാബാ വിദേശത്ത് പോകണം, പാർട്ടിയിലിരിക്കേണ്ടി വരുന്നു. വെജിറ്റേറിയൻ ലഭിക്കുമെങ്കിലും, പക്ഷെ വികാരികളാണല്ലോ ഉണ്ടാക്കിയത്. നിങ്ങൾക്ക് എന്തെങ്കിലും ഒഴിവു കഴിവുകൾ പറയാൻ കഴിയുമല്ലോ. ശരി, ചായ കുടിക്കാം, അനേക പ്രകാരത്തിലുള്ള യുക്തികൾ കിട്ടുമല്ലോ. ബാബയുടെ റൈറ്റ് ഹാൻഡ് ധർമ്മരാജനുമിരിക്കുന്നുണ്ട്. ഈ സമയം ഓരോ ചുവടിലും ശ്രീമതം എടുക്കണം. വളരെ ഉയർന്ന പദവിയാണ്. ചിലർക്ക് സ്വപ്നത്തിൽ പോലും ഓർമ്മയുണ്ടാവില്ല – നമുക്ക് വിശ്വത്തിന്റെ അധികാരിയായി മാറാൻ കഴിയുന്നുവെന്ന്. തികച്ചും അറിയുന്നില്ല. എത്ര വജ്രങ്ങളുടെയും വൈഢൂര്യങ്ങളുടെയും കൊട്ടാരമുണ്ടായിരുന്നു. സോമനാഥ ക്ഷേത്രത്തിൽ എത്ര സമ്പത്തുണ്ടായിരുന്നു, എല്ലാം ഒട്ടകപുറത്ത് നിറച്ച് കൊണ്ട് പോയി. ഇപ്പോൾ ഇങ്ങനെയുള്ള സമയം വരാൻ പോവുകയാണ് ചിലരുടെ എല്ലാം മണ്ണിൽ പോകും..... പറയാറുണ്ടല്ലോ രാമന്റെ പേരിൽ ഉപയോഗിച്ചവർ, സത്യമായ സമ്പാദ്യമുണ്ടാക്കുന്നവരുടെ കൈ നിറഞ്ഞിരിക്കും. ബാക്കി എല്ലാവരുടെ കൈയ്യും കാലിയാകും. ബാബ പറയുന്നു നിങ്ങളുടെ വസ്തു നിങ്ങളുടെത് തന്നെയാണ്. ഞാനാണെങ്കിൽ നിഷ്കാമിയാണ്. ഇങ്ങനെയുള്ള നിഷ്കാമി വേറെയാരുമില്ല. ഈ സമയം എല്ലാവർക്കും തമോപ്രധാന പതിതമായി മാറണം. പൂർണ്ണമായും പതിതമായതിന് ശേഷം പൂർണ്ണമായും പാവനമായി മാറണം. ബാബ പറയുന്നു എനിക്ക് സങ്കല്പം വന്നു പുതിയ ലോകം രചിക്കാം. ഞാൻ എന്റെ പാർട്ട് അഭിനയിക്കാൻ വന്നിരിക്കുകയാണ്. ആരെല്ലാം മുഖ്യമായ വലിയ ആളുകളുണ്ടോ അവരെല്ലാം അവരവരുടെ സമയത്ത് പാർട്ടഭിനയിക്കുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം നോളേജ്ഫുൾ ആയ ബാബ നിങ്ങൾ കുട്ടികളെയും നേളേജ്ഫുൾ ആക്കി മാറ്റികൊണ്ടിരിക്കുകയാണ്. മുമ്പ് ഈ അറിവുണ്ടായിരുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് എല്ലാവരുടെയും ജീവചരിത്രമറിയാം. ധർമ്മ സ്ഥാപകരും പ്രധാനമാണല്ലോ. മുകളിൽ നിന്ന് ഉയർന്നതിലും ഉയർന്ന രചയിതാവായ ശിവബാബ. പിന്നെ ബ്രഹ്മാ, വിഷ്ണു, ശങ്കർ, പിന്നെ ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ രചിക്കുന്നു. വേറെയാർക്കെങ്കിലും അറിയുമോ ഈ ജഗദംബ സരസ്വതി ബ്രാഹ്മണിയാണെന്ന്. മുമ്പും ഇതേ സമയത്ത് ഇവർ തപസ്സ് ചെയ്തിരുന്നു. രാജയോഗം പഠിപ്പിച്ചിരുന്നു. ഇപ്പോഴും അതേ കാര്യം ചെയ്തുകൊണ്ടിരിക്കുന്നു. ഈ ജ്ഞാനത്തിൽ ആനന്ദിക്കണം. തന്റെ വീട്ടിലിരിക്കണം. എല്ലാവർക്കും ഇവിടെയിരിക്കാൻ പറ്റില്ല. അതെ അവസാനം ആരെല്ലാമാണോ ബാബയുടെ സേവനത്തിൽ തല്പരരായിരിക്കുന്നത് അവർ മാത്രം അവശേഷിക്കും. അവർ വളരെ അത്ഭുതകരമായ പാർട്ട് കാണും. വൈകുണ്ഡത്തിലെ വൃക്ഷം സമീപത്ത് വരും. ഇരിക്കെ ഇരിക്കെ സാക്ഷാത്ക്കാരം ലഭിച്ചുകൊണ്ടിരിക്കും. നിങ്ങൾ പൂർണ്ണമായും ഇവിടെ നിന്ന് തന്നെ ഫരിസ്തയാകും. ഏതെല്ലാം മനുഷ്യാത്മാക്കളുണ്ടോ എല്ലാവരും ശരീരം ഉപേക്ഷിക്കും. ആത്മാക്കൾ തിരിച്ച് പോകും. ബാബ വഴികാട്ടിയായി മാറി എല്ലാവരെയും തിരിച്ച് കൂട്ടികൊണ്ട് പോകും. ഈ ജ്ഞാനവും ഇപ്പോഴത്തെക്കാണ്. സത്യയുഗത്തിൽ ജ്ഞാനത്തിന്റെ പേരുപോലുമുണ്ടാവില്ല. അവിടെ പ്രാലബ്ധമാണ്, ഇപ്പോൾ പുരുഷാർത്ഥമാണ്.

നിങ്ങൾ 21 ജന്മത്തേക്ക് ബാബയിൽ നിന്ന് സമ്പത്ത് നേടുന്നതിന്റെ പുരുഷാർത്ഥം ചെയ്യുകയാണ്. നിങ്ങൾക്ക് മനസ്സിലാക്കാൻ പറ്റുന്നു നമ്മൾ ബ്രാഹ്മണരാണ്. മിത്ര സംബന്ധികൾക്കും ബാബയുടെ ഓർമ്മയിൽ നിങ്ങൾ ഭോജനമുണ്ടാക്കി കഴിപ്പിക്കൂ എങ്കിൽ അവരുടെ ഹൃദയവും ശുദ്ധമാകും. അവസാനം ആര് ബാക്കിയാകുന്നുവോ അവർ വളരെയധികം വിനോദങ്ങൾ കാണും. ബാബ ഇടക്കിടക്ക് തന്റെ വീട് മുതലായവ എല്ലാം കാണിച്ചുകൊണ്ടിരിക്കും. തുടക്കത്തിൽ നിങ്ങൾ വളരെയേറെ കണ്ടു പിന്നീട് അവസാനവും വളരെയധികം കാണുന്നു. ആരാണോ പോയത് അവർ ഒന്നും കാണില്ല. ഈ വികാരങ്ങളെ പൂർണ്ണമായും ത്യജിക്കണം അപ്പോഴേ വജ്രങ്ങളും വൈഢൂര്യങ്ങളും കൊണ്ട് അലങ്കരിക്കപ്പെടൂ. ത്യജിച്ചില്ലെങ്കിൽ ഇത്രയും അലങ്കരിക്കുകയുമില്ല. ഇപ്പോൾ ജ്ഞാന രത്നങ്ങളാൽ അലങ്കരിച്ചു കൊണ്ടിരിക്കുകയാണ്. ശരി –

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാ

വുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1. സത്യമായ സമ്പാദ്യമുണ്ടാക്കി കൈ നിറച്ച് പോകണം. ഒരു ബാബയുമായി സത്യമായ വ്യാപാരം ചെയ്യുന്ന സത്യമായ വ്യാപാരിയായി മാറണം.

2. ഹൃദയത്തെ ശുദ്ധമാക്കുന്നതിന് വേണ്ടി ബാബയുടെ ഓർമ്മയിലിരുന്ന് ബ്രഹ്മാ ഭോജനമുണ്ടാക്കണം. യോഗയുക്തമായി ഭോജനം കഴിക്കുകയും കഴിപ്പിക്കുകയും ചെയ്യണം. വികാരങ്ങളെ ത്യജിച്ച് ജ്ഞാന രത്നങ്ങളാൽ അലങ്കരിക്കുകയും അലങ്കരിച്ച് കൊടുക്കുകയും ചെയ്യണം.

**വരദാനം:-സർവ്വ ചിന്തകളെയും ബാബക്ക് കൊടുത്ത് ചിന്തയില്ലാത്ത സ്ഥിതിയുടെ അനുഭവം ചെയ്യുന്ന പരമാത്മാ സ്നേഹിയായി ഭവിക്കട്ടെ.**

പരമാത്മാ സ്നേഹികളായ കുട്ടികൾ സദാ ഹൃദയ സിംഹാസനത്തിലാണ് ഇരിക്കുക. ദിലാരാമന്റെ ഹൃദയത്തിൽ നിന്ന് അവരെ ഇറക്കാൻ ആർക്കും തന്നെ ധൈര്യം ഉണ്ടാവുകയില്ല. അതിനാൽ താങ്കൾ ലോകത്തിന് മുമ്പാകെ ലഹരിയോടെ പറയും അതായത് ഞങ്ങൾ പരമാത്മാ സ്നേഹിയായി മാറിയെന്ന്. ഈ ലഹരിയിൽ തന്നെ ഇരിക്കുന്നത് കാരണം എല്ലാ ചിന്തകളിൽ നിന്നും മുക്തമാകും. താങ്കൾ ഒരിക്കലും അറിയാതെ പോലും പറയുകയില്ല അതായത് എന്റെ മനസ്സ് അൽപം ഉദാസീനമാണ്, എന്റെ മനസ്സിന് സുഖമില്ല...... ഇങ്ങനെ പറയുന്നത് തന്നെ വ്യർത്ഥ വാക്കാണ്. എന്റേതെന്ന് പറയുക അർത്ഥം വിഷമത്തിൽ പെടുക.

**സ്ലോഗൻ:- ഏത് വിധത്തിലുമുള്ള ചഞ്ചലതയെ സമാപ്തമാക്കാനുള്ള മാർഗ്ഗമാണ്-ഡ്രാമയിൽ മുറിയാത്ത നിശ്ചയം.**